**<u>ഭരണഭാഷ- മാതൃഭാഷ</u>**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033

ഫോൺ/ഫാക്സ് : 0471-2305318/0471-2305317

ഇ-മെയിൽ: ecostatdir@gmail.com

Website:www.ecostat.kerala.gov.in

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: രജത് ജി.എസ്)**

വിഷയം :- ഡിഇഎസ്- ഗ്രഡേഷൻ സെൽ - സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/എക്സ്റ്റൻഷൻ ഓഫീസർ (പി&എം) (RA/SI/EO(P&M) തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ.ഹരികൃഷ്ണകുറുപ്പ് (EO(P&M))-ന്റെ സീനിയോരിറ്റി താത്ക്കാലികമായി പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഈ ഓഫീസിലെ 16/08/2025-ലെ ഇതേ നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 05/12/2025 ലെ ഡിഇഎസ്/4377/2025-ഇബി(2) നമ്പർ ഉത്തരവ്.
3. ഈ ഓഫീസിലെ 31.07.2010 തീയതിയിലെ ഉത്തരവ് നമ്പർ EA(1)2010/2010/DES.
4. ഈ ഓഫീസിലെ 19.02.2019 തീയതിയിലെ EA(1) 3645/2019/DES ഉത്തരവ്
5. ഈ ഓഫീസിലെ 15/02/2024 തീയതിയിലെ ഡിഇഎസ്/868/2024-EA(1) നമ്പർ ഉത്തരവ്
6. ഈ ഓഫീസിലെ 01/09/2024 ലെ DES/3345/2024-EB(2) ഉത്തരവ്

**<u>ഉത്തരവ് നമ്പർ:ഡിഇഎസ്/2549/2025-ജിആർസി; തീയതി: 17-12-2025</u>**

പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പിലെ റിസർച്ച് അസിസ്റ്റന്റ്/സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് /എക്സ്റ്റൻഷൻ ഓഫീസർ ( പി& എം ) തസ്തികയിലെ താത്കാലിക സിനിയോരിറ്റി ലിസ്റ്റിൽ ശ്രീ ഹരികൃഷ്ണകുറുപ്പ് (EO(P&M))-ന് നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ടിയാന്റെ സീനിയോരിറ്റി പുനർനിർണ്ണയിക്കുവാൻ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

ശ്രീ.ഹരികൃഷ്ണകുറുപ്പ് 07.07.2006 തീയതിയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2 തസ്തികയിൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (3) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-1 തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും ആണ്. ടിയാൻ പരാമർശം (4) പ്രകാരം സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 തസ്തികയിൽ നിന്നും വിടുതൽ ചെയ്ത്

പി.എസ്.സി മുഖേന **20.02.2019** തീയതിയിൽ ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും അഞ്ചുവർഷം ആകുന്നതിനു മുൻപ് ലീഗൽ മെട്രോളജി വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് പരാമർശം **(5)** പ്രകാരം മാതൃവകുപ്പായ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-**1** തസ്തികയിൽ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

ഈ വകുപ്പിൽ തിരികെ പ്രവേശിച്ച മുറയ്ക്ക് ടിയാന് റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം പരാമർശം **(6)**പ്രകാരം നൽകിയിരുന്നു. എന്നാൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്/ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-**1** തസ്തികയിൽ ടിയാന്റെ ജൂനിയറായിരുന്ന ശ്രീ.**C.**ശ്രീജിത്തിന് റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് തീയതി **01/10/2022** പ്രാബല്യത്തിൽ നോഷണൽ ആയി സ്ഥാനക്കയറ്റം അനുവദിച്ച് പരാമർശം**(2)**പ്രകാരം ഉത്തരവായിട്ടുണ്ട്.

ആയതിനാൽ താത്ക്കാലിക സീനിയോറിറ്റി ലിസ്ററിലെ ക്രമനമ്പർ **(340)** സി.ശ്രീജിത്തിന് മുകളിലായി ടിയാന്റെ സീനിയോറിറ്റി താത്ക്കാലികമായി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു . പ്രസ്തുത നടപടിയിൽ ആക്ഷേപമുള്ള പക്ഷം ഉത്തരവ് തീയതി മുതൽ **10** ദിവസത്തിനകം ഈ ഓഫീസിൽ രേഖാമൂലം പരാതി ലഭ്യമാക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് ജീവനക്കാരുടെ അറിവിലേയ്ക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

**RAJATH.G.S**
**DIRECTOR**

ശ്രീ ഹരികൃഷ്ണകുറുപ്പ് **(EO(P&M))**
വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം.
(മേലധികാരി മുഖേന)

പകർപ്പ് : -

1. ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നിവരുടെ സിഎ
2 ഡെപ്യൂട്ടി ഡയറക്ടർമാർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്.
3 സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർ
4. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5 ജീവനക്കാര്യ വിഭാഗം
6. ഫയൽ/കരുതൽ ഫയൽ